സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ഫോർ ദ പൂവർ

59 (724) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ഫോർ ദ പൂവർ പദ്ധതിയിൽ ഉൾപ്പെടുത്തി കുട്ടനാട് നിയോജകമണ്ഡലത്തിൽ 2014-15 സാമ്പത്തിക വർഷം എത്ര പേർക്ക് എത്ര രൂപ വീതം ധനസഹായം ലഭ്യമാക്കിയെന്ന് വിശദമാക്കിയ ലിസ്റ്റ് ലഭ്യമാക്കാമോ ?

ഉത്തരം

സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ഫോർ ദ പൂവർ പദ്ധതിയിൽ ഉൾപ്പെടുത്തി പാവപ്പെട്ട രോഗികൾക്ക് ചികിത്സാധനസഹായം അനുവദിക്കുന്നതിനായി സമർപ്പിക്കപ്പെടുന്ന അപേക്ഷകളിൽ രോഗി ഏത് നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ടയാളാണെന്ന് രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ കുട്ടനാട് നിയോജക മണ്ഡലത്തിൽ 2014-15 സാമ്പത്തിക വർഷം എത്ര രോഗികൾക്ക് ചികിത്സാ ധനസഹായം അനുവദിച്ചു എന്ന കണക്ക് ലഭ്യമല്ല.

കാസർഗോഡ് ജനറൽ ആശുപത്രി കെട്ടിടത്തിൽ റാമ്പ് നിർമ്മിക്കാൻ നടപടി

60 (725) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജനറൽ ആശുപത്രിയിലെ ആറ് നില കെട്ടിടത്തിൽ റാമ്പില്ലാത്തകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് പരിഹരിക്കാൻ എന്ത് നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ;

(സി) പ്രസ്തുത കെട്ടിടത്തിൽ റാമ്പ് നിർമ്മിക്കാനുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ എസ്റ്റിമേറ്റ് ആരോഗ്യവകുപ്പ് ഡയറക്ടറിൽനിന്ന് ശിപാർശ സഹിതം ലഭ്യമാകുന്നമുറയ്ക്ക് റാമ്പ് നിർമ്മിക്കുന്നതിനുള്ള തുടർ നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly